**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3109 — 10.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജീവനം 2015

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ദേവികുളം നിയോജകമണ്ഡലത്തിൽ എം.എൽ.എ ഫണ്ട് ഉപയോഗപ്പെടുത്തി സമഗ്ര ആരോഗ്യപദ്ധതിയായ ജീവനം 2015 ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതിക്ക് എന്തെങ്കിലും ഫണ്ട് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ അത് ഉടനെ നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# ജീവനം - 2014

## ദേവികുളം നിയോജക മണ്ഡല തല സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി എം.എൽ.എ എസ്.ഡി.എഫ് 2015 - 2016

## റിപ്പോർട്ട്

ബഹു. ദേവികുളം എം.എൽ.എ ശ്രീ. എസ് രാജേന്ദ്രന്റെ പ്രത്യേക താല്പ്പര്യപ്രകാരം ദേവികുളം നിയോജക മണ്ഡലത്തിലെ 12 പഞ്ചായത്തുകളിലെ പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും തോട്ടം മേഖലയിലെ ആരോഗ്യ പ്രശ്നങ്ങളും നിലനിൽക്കുന്നതിന്റേയും അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശപ്രകാരം ചിത്തിരപുരം ബ്ലോക്ക് മെഡിക്കൽ ഓഫീസർ ഡോ. വി.വി രാധ സമർപ്പിച്ച പ്രത്യേക ആരോഗ്യ സംരക്ഷണ പ്രൊജക്ടാണ് ജീവനം 2014.

## പ്രൊജക്ട്പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി

1. **മുന്നൊരുക്ക പ്രവർത്തനങ്ങൾ**
2. **ആലോചനാ യോഗങ്ങൾ**
3. **മൈക്രോ പ്ലാൻ തയ്യാറാക്കൽ**
4. **ലോഗോ തയ്യാറാക്കൽ**
5. **പ്രിന്റിംഗ് ജോലികൾ**
6. **വോളന്റിയേഴ്സിനെ കണ്ടെത്തൽ**
7. **വോളന്റിയേഴ്സ് പരിശീലനം**

   പഞ്ചായത്ത് തലത്തിൽ കുടുംബാരോഗ്യ സർവ്വേ നടത്തുന്നതിലേക്ക് ആർ.സി.സി എർണാകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ വോളന്റിയേഴ്സിന് പരിശീലനം നൽകി.

8. **ഫീൽഡ് തലസർവ്വേ**

   പരിശീലനം ലഭിച്ച വോളന്റിയേസ് ആരോഗ്യ വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിൽ നിയോജക മണ്ഡലത്തിലെ 51205 വീടുകളിൽ എത്തി വ്യക്തികളെ നേരിൽ കണ്ട് വിവരശേഖരണം നടത്തി

9. **ക്രോഡീകരണം**

   സർവ്വേ നടത്തിയതിൽനിന്നും ലഭിച്ച വിവരങ്ങൾ പഞ്ചായത്തു തലത്തിൽ ക്രോഡീകരിക്കുകയും തുടർന്ന് നിയോജക മണ്ഡല അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

10. **ജനറൽ സ്ക്രീനിംഗ് ക്യാമ്പ്**

    ഭവന സന്ദർശന വേളയിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളിലും ഡോക്ടർമാരുടെ നേതൃത്വത്തിൽ ആകെ 41 ജനറൽ സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിച്ചു.

11. **സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ**

| | സ്ഥലം | പങ്കെടുത്തവർ | തീയതി |
|---|---|---|---|
| 1. | സി.എച്ച്.സി ചിത്തിരപുരം | 760 | 29/07/2016 |
| 2. | സി.എച്ച്.സി മറയൂർ | 540 | 30/07/2016 |
| 3. | ജി.എച്ച്.എസ് അടിമാലി | 570 | 11/09/2016 |
| 4. | ജി.എച്ച്. എസ്.എസ് മൂന്നാർ | 340 | 12/09/2016 |
| | **ആകെ** | **2210** | |

മെഡിക്കൽ ഓഫീസർ